# ‘ഭാഗ്യവാൻ’

## സങ്കീർത്തനങ്ങൾ 41:1

‘‘എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ’’.

ഭാഗ്യവാന്മാരായി പ്രഖ്യാപിക്കപ്പെടുന്നത് ദൈവാഭിമുഖമായി ജീവിക്കുന്നവരെയാണ്. ഇത് പല സങ്കീർത്തന വാക്യങ്ങളിലൂടെ നമുക്ക് കാണാൻ കഴിയും. സങ്കീ. 32:1, 34:8, 40:4, 65:4, 84:4,12. എന്നാൽ ഒരു സങ്കീർത്തന പുസ്തകത്തിന്റെ അവസാന അദ്ധ്യായമായ 41–ാം സങ്കീർത്തനത്തിന്റെ ഒന്നാം വാക്യത്തിൽ എളിയവരെ ആദരിക്കുന്നവന്റെ ഭാഗ്യാവസ്ഥ വിവരിക്കുന്നു.

ആരാണ് എളിയവൻ? എളിയവർ എന്നാൽ സാമ്പത്തികമായി അവശതയുള്ളവർ എന്ന് പരിമിതപ്പെടുത്താനാവില്ല. എല്ലാ വിധത്തിലും പാർശ്വവൽക്കരിക്കപ്പെട്ടവരും, അവഗണിക്കപ്പെട്ടവരും, ചൂഷിതരും ഉൾപ്പെടും. ‘ആദരിക്കുക’ എന്ന് പറയുമ്പോൾ ദൈവം മനുഷ്യരുമായി പങ്കു വയ്ക്കുന്ന തന്റെ സ്നേഹം, രക്ഷ, കൃപാദാനം ഇവ അനുഭവിക്കുന്നവർ സഹജീവികളുമായി പങ്കു വയ്ക്കണം. ഒരാൾക്ക് ദൈവത്തോടുള്ള സജീവ ബന്ധത്തിന്റെ അളവുകോൽ ആ വ്യക്തിക്ക് ബലഹീനരോടുള്ള കരുതലും സമീപനവുമാണ്.

ദൈവത്തിന് മുഖപക്ഷമില്ല എന്ന് ദൈവവചനത്തിൽ നാം പഠിക്കുന്നു. മുഖപക്ഷമില്ലാത്ത ദൈവത്തിന്റെ മക്കളും അവകാശികളുമായ നമ്മൾ ഓരോരുത്തരും എളിയവരായ സഹജീവികളെ ആദരിക്കാൻ കടമപ്പെട്ടവരാണ്. എളിയവരോടുള്ള ദൈവത്തിന്റെ കരുതൽ നമുക്ക് ദൈവവചനത്തിൽ കാണാൻ കഴിയും.

സദൃ. 14:21,31 സങ്കീ. 146:7,8 സദൃ. 19:17 മത്തായി. 18:10,11,14 സദൃ. 22:22,23

സങ്കീ. 9:9,18 10:17,18 സങ്കീ. 14:16, 22:24

ദൈവബന്ധത്തിൽ ജീവിക്കുവാൻ എളിയവരെ കരുതുക തന്നെ വേണം. എളിയവർ വേദനിക്കുമ്പോൾ ദൈവം തന്നെയാണ് വേദനിക്കുന്നത്. അവരെ കരുതുകയും സഹായിക്കുകയും ചെയ്യുന്നത് നീതിമാന്മാരുടെ ലക്ഷണമാണ്. (മത്താ.25:31–46). അവരെ ദൈവം അനർത്ഥങ്ങളിൽ നിന്നും, രോഗങ്ങളിൽ നിന്നും, ശത്രുക്കളിൽ നിന്നും കാത്ത് ജീവനോടെ പാലിക്കും. തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലും ആണ് ദൈവം സകല മനുഷ്യരെയും സൃഷ്ടിച്ചത്. സകല മനുഷ്യർക്കും നന്മയാണ് ദൈവം ആഗ്രഹിക്കുന്നത്. എവിടെയൊക്കെ

മനുഷ്യൻ അടിമത്തങ്ങളിൽ കഴിയുന്നുവോ അവിടെയൊക്കെ ദൈവം തീവ്രമായി വേദനിക്കുകയും അവരുടെ ഉദ്ധാരണത്തിനായി ഇറങ്ങി വരികയും ചെയ്യുന്നു. എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു, അവരുടെ നിലവിളി കേട്ടു (പുറ 3:7) എന്ന് മോശയോട് ദൈവം പറയുന്നു.

കഷ്ടത സഹിക്കുന്ന മനുഷ്യന്റെ വിമോചനത്തിനായുള്ള ഓരോ യത്നങ്ങളും ദൈവത്തോടുള്ള മനുഷ്യന്റെ നന്ദിയുടെ പ്രകടനമാണ്. ദൈവം യേശുക്രിസ്തുവിലൂടെ മനുഷ്യന് നൽകിയ വിമോചനത്തിന്റെ സാക്ഷ്യവും, സത്യാനുഭവവുമാണ് ആ പോരാട്ടങ്ങൾ.

ക്രിസ്തുവും നമ്മെ സ്നേഹിച്ചു, നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ, ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ ഉള്ളവരായി, നമ്മുടെ ജീവിതത്തിന്റെ ഓരോ ശൈലികളും, എളിയവരെ ആദരിക്കുന്ന ദൈവിക പ്രവൃത്തികൾ ആയി രൂപപ്പെടട്ടെ..

റോമർ 12:16

തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ; നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുതു.

സിസ്റ്റർ സുജ ജോയി ഓതറ 001